"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 198/2005 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.3039/2025/LSGD തീയതി, തിരുവനന്തപുരം, 22-12-2025**

പരാമർശം:-
1. സ.ഉ.(പി) നം. 32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.198/2005 നമ്പർ കേസിന്മേലുള്ള 28/11/2022 തീയതിയിലെ വിധിന്യായം.
3. സ.ഉ.(സാധാ)നം.813/2025/തസ്വഭവ തീയതി 26/03/2025
4. ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള 1/2025 നമ്പർ എൽ.എ.അപ്പീലിന്മേലുള്ള 09/06/2025 തീയതിയിലെ വിധിന്യായം.
5. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/10/2025 തീയതിയിലെ എ3/2057/2018/ടിഡ നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 198/2005 നമ്പർ കേസിലെ സൂചന (2) വിധിന്യായത്തിന് എതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന 01/2025 നമ്പർ എൽ.എ.അപ്പീലിന്മേലുള്ള സൂചന (4) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ടി കേസിലെ കക്ഷികൾക്ക് അനുവദിക്കാനുള്ള ബാലൻസ് തുകയായ 12,86,127/- രൂപയും, പരാമർശം (3) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും ബഹു. കോടതിയിൽ കെട്ടിവച്ച തുകയായ 78,90,438/- രൂപ റിക്കുപ്പ് ചെയ്യുന്നതിനുമായി ആകെ 91,76,565/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാളയം - എയർപോർട്ട് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2026/1,2,3,4,5,6,7,10,11 & 2026/12 എന്നിയിൽ ഉൾപ്പെട്ടതും ശ്രീ. കെ ചന്ദ്രമോഹൻ, ശ്രീ. കെ. രാജ് മോഹൻ, ശ്രീ. വിജയ് മോഹൻ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 2.00 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.198/2005 നമ്പർ കേസിൽ തിരുവനന്തപുരം ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും ബഹു. കോടതിയിൽ കെട്ടിവച്ചിട്ടുള്ള തുകയായ 78,90,438/- രൂപ '8674-00-101-99' എന്ന ശീർഷകത്തിലേയ്ക്ക് റിക്കുപ്പ് ചെയ്യുന്നതിനായും ടി കേസിലെ ബാലൻസ് തുകയായ 12,86,127/- രൂപ ടി കേസിലെ കക്ഷികൾക്ക് അനുവദിക്കുന്നതിനുമായി ആകെ 91,76,565/- രൂപ (തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി എഴുപത്തിയാറായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) '4217-60-800-93

Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASHA A K
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട കക്ഷികൾക്ക് (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/355/2025/ത.സ്വ.ഭ.വ.

Signed by
ഉത്തരവിൻ പ്രകാരം
Biju. B
Date: 22-12-2025 10:49:09
സെക്ഷൻ ഓഫീസർ